


എഡിറ്റർ

ഡോ. ബാവ കെ പാലുകുന്ന്


# ഇശൽ വിസ്മയം

## ഹുസ്നുൽ ജമാലിന്റെ 150 വർഷങ്ങൾ

Scanned with CamScanner

# ഇശൽ വിസ്മയം

## ഹുസ്നുൽ ജമാലിന്റെ 150 വർഷങ്ങൾ

എഡിറ്റർ

**ഡോ. ബാവ കെ പാലുകുന്ന്**

അറബിമലയാളത്തിൽ ഇറങ്ങിയ ആദ്യത്തെ സമ്പൂർണ പ്രണയകാവ്യമാണ് ബദറുൽ മുനീർ-ഹുസ്നുൽ ജമാൽ. സൂഫിപാരമ്പര്യമുള്ള പാട്ടാണെന്നും പ്രണയമല്ല, ദൈവത്തിലേക്കുള്ള അടിമയുടെ തേട്ടമാണെന്നുമുള്ള വ്യത്യസ്ത വീക്ഷണങ്ങൾ ഈ പ്രണയകാവ്യത്തെ കുറിച്ചുണ്ട്. മഹാകവി മോയിൻകുട്ടി വൈദ്യരുടെ ഈ പ്രണയകാവ്യത്തിന് നൂറ്റിയൻപത് വർഷം പൂർത്തിയാകുന്ന വേളയിൽ പ്രസിദ്ധീകരിക്കുന്ന ഈ പുസ്തകം പ്രസ്തുത കാവ്യത്തിന്റെ ഗൗരവതരമായ വായനയിലേക്ക് വഴി തുറക്കുന്നതാണ്. കൃതിയുടെ പ്രസിദ്ധീകരിക്കപ്പെട്ട ആദ്യപഠനമായ ഫോസറ്റിന്റെ പ്രബന്ധമുൾപ്പെടെ അക്കാദമിക രംഗത്തും, സാഹിത്യസാംസ്കാരിക മേഖലകളിലും വ്യക്തിമുദ്ര പതിപ്പിച്ച പ്രമുഖരുടെ പഠനങ്ങളാണ് ഇതിലുൾക്കൊള്ളിച്ചിരിക്കുന്നത്. ഹുസ്നുൽ ജമാലിലെ പ്രണയസങ്കല്പം, കാല്പനികത, സ്ത്രീവാദദർശനം, സൂഫി പരിപ്രേക്ഷ്യം പ്രസാധകചരിത്രം എന്നിങ്ങനെയുള്ള വൈവിധ്യമാർന്ന അടരുകളെ ആഴത്തിൽ വിശകലനം ചെയ്യുന്ന സമാഹാരം.

Cover Painting & Design: Shafeek Subaida Hakkim

2023 April www.olivepublications.in

ഒലിവ് ബുക്സ്

Essays Malayalam

Isal Vismayam: Husnul Jamaalinte 150 Varshangal

Dr. Bava K Palukunnu

ISBN 978-93-5742-069-3

9789357420693

വില ₹ 230

Scanned with CamScanner

OLIVE
Publications (Pvt.) Ltd.
East Nadakkavu, Kozhikode - 673 011. Phone : 0495-2765871.
www.olivepublications.in
Email: olivepublication@gmail.com

Branches:
Kozhikode: Noor Complex, Mavoor Road
0495-4099864 olivebooksclt@gmail.com
Trivandrum: Karimpanal Statue
6282574615 olivebookstvm@gmail.com

First Edition : April, 2023

All rights reserved

*Isal Vismayam : Husnul Jamalinte 150 Varshangal* (Essays)
Editor: Dr. Bava K Palukunnu
Language: Malayalam

Cover Design by Shafeek Subaida Hakkim
Typesetting by Olive Design Studio
Printed @ Akshara Printers, Trivandrum

ISBN 978-93-5742-069-3

Book Dimension : 14cm x 21cm

Price: ₹ 230/- (Two Hundred & Thirty)

Copyright © Reserved

All rights reserved. This book or parts thereof may not be reproduced in any form, stored in any retrieval system, or transmitted in any form by any means—electronic, mechanical, photocopy, recording, or otherwise—without prior written permission of the publisher, except as provided by Indian copyright law.

## ഉള്ളടക്കം

*മുഖമൊഴി : ഹുസ്നുൽജമാൽ; പാരായണത്തിലെ*
*വൈവിധ്യങ്ങളും സാഹിത്യചരിത്രത്തിന്റെ പരിമിതികളും ................ 5*

ജനകീയമായ ഒരു മാപ്പിളപ്പാട്ട് ................................................ 11
ഹുസ്നുൽജമാൽ; വായനയുടെ പടർപ്പുകൾ ................................ 32
ബദറുൽമുനീറിലെ സാധ്യതകളും സംഘർഷങ്ങളും ........................ 49
ഹുസ്നുൽജമാലിന്റെ പുറപ്പാടും കലാസഞ്ചാരവും ........................ 62
പ്രണയം; വിശുദ്ധവും വിലാസലോലവും ........................................ 74
ബദറുൽമുനീർ ഹുസ്നുൽജമാൽ;
മലയാളത്തിലെ പ്രഥമ കാൽപ്പനികകാവ്യം ...................................... 82
ഹുസ്നുൽജമാലും കൂട്ടുകാരും; വിപ്ലവം കുറിച്ച വീരാംഗനമാർ ... 94
ബദറുൽമുനീർ ഹുസ്നുൽജമാൽ;
കൽപ്പിതാഖ്യാനങ്ങളുടെ ദേശാന്തരവിനിമയങ്ങൾ ........................ 103
ബദറുൽമുനീർ ഹുസ്നുൽജമാൽ
പ്രസിദ്ധീകരണചരിത്രത്തിലേക്കൊരു എത്തിനോട്ടം .................... 113
ബദറുൽമുനീർ; ഇശലുകളുടെ പൂർവമാതൃകകൾ ......................... 124
അലങ്കാരങ്ങളുടെയും വാക്കുകളുടെയും ഭാവനാലോകം ............ 132
കാൽപ്പനികതയും, യോഗാത്മകതയും കൂടിയാടിയ കാവ്യം ........ 140

*ലേഖക പരിചയം ................................................................ 150*

Scanned with CamScanner

# ഹുസ്നുൽജമാൽ; വായനയുടെ പടർപ്പുകൾ

ഡോ. വി ഹിക്മത്തുല്ല

**മോ**യിൻകുട്ടി വൈദ്യരുടെ 'ഹുസ്നുൽജമാൽ ബദറുൽമുനീർ' (1872)എന്ന കാവ്യം അറബിമലയാളലിപിയിൽ പുറത്തുവന്നിട്ട് 2022ൽ 150 വർഷം തികഞ്ഞിരിക്കുന്നു. ഇതിനിടക്ക് മലയാളലിപിയിലേക്കു മാറ്റി വിശദീകരണങ്ങളോടെ പലരും ഈ കാവ്യം പ്രസിദ്ധീകരിച്ചു. പുനരാഖ്യാനങ്ങളും പലതുണ്ടായി. കഥാഭാഗം പരാവർത്തനം ചെയ്യുകയും, കാവ്യഭംഗി എടുത്തുകാട്ടുകയുമാണ് മിക്ക കൃതികളും ചെയ്യുന്നത്.

ഏതൊരു കൃതിക്കും പല വായനകൾ സാധ്യമാണ്. 'ഹുസ്നുൽ ജമാൽ' കാവ്യത്തെ ഏതൊക്കെ രീതിയിൽ വായിക്കാം? നിലവിൽ, അറബിമലയാളസാഹിത്യത്തിന്റെ ഭാഗമായോ, മലയാളസാഹിത്യത്തിന്റെ പദവി നൽകിയോ അതിനെ ഒരു കാൽപ്പനികകാവ്യമായി വായിച്ചു കണ്ടിട്ടുണ്ട്.

പലതരം വ്യാഖ്യാനസാധ്യതകളായി അവയൊക്കെയും നിലനിൽക്കേണ്ടതുണ്ട്. ഒരു കഥയ്ക്ക് ആന്തരികവും ഗൂഢവുമായ അർഥങ്ങളുണ്ട് എന്നതിനാൽ അതിനു പ്രത്യക്ഷവും ബാഹ്യവുമായ അർഥങ്ങളില്ല എന്നു കരുതേണ്ടതില്ല. വായനക്കാരുടെ താൽക്കാലിക അഭി

ലാഷങ്ങളെ ബാഹ്യാർഥങ്ങൾ തൃപ്തിപ്പെടുത്തുപ്പോൾ ആന്തരിക പൊരുളുകളുടെ ലോകത്തേക്ക് ഗൂഢാർഥങ്ങൾ വഴികാണിക്കുന്നു. ഓരോ വ്യാഖ്യാനവും ഓരോ രാഷ്ട്രീയ- സാംസ്കാരിക സന്ദർഭങ്ങളുടെകൂടി സൃഷ്ടിയാവാം. ഏതെങ്കിലും ഒരുവായന മറ്റൊരു വായനയെ റദ്ദ് ചെയ്യുന്നില്ല എന്നർഥം.

അറബിക്കഥയിൽനിന്ന് പേർഷ്യൻ വഴി ഉറുദുവിലെത്തിയതാവാം ഈ കഥയെന്ന് ബ്രിട്ടീഷ് മലബാറിലെ നരവംശശാസ്ത്രഗവേഷകൻ എഫ് ഫോസറ്റ് (1899) അനുമാനിക്കുന്നുണ്ട്. മുഈനുദ്ദീൻ ഷാ ശീറാസി പേർഷ്യനിലെഴുതിയ കാവ്യമാണെന്ന് ശൂരനാട്ട് കുഞ്ഞൻപിള്ളയും (1970) എഴുതുന്നു. മീർ ഹസൻ ദഹ്‌ലവി 1785-ൽ രചിച്ച 'ഖിസ്സായെ ബദ്റെ മുനീർ ' (സഹ്റുൽ ബയാൻ എന്നറിയപ്പെടുന്നു) എന്ന ഉറുദു കൃതിയുണ്ട്. കൊണ്ടോട്ടിത്തങ്ങളായ ഇസ്തിയാഖ് ഷായുടെ ബന്ധുവാണെന്ന് പറയപ്പെടുന്ന നിസാമുദ്ദീൻ മിയയാണ് പ്രസ്തുത കൃതിയിലെ കഥ വൈദ്യർക്കു പറഞ്ഞുകൊടുക്കുന്നത്. ഇതിന്റെ ഒരു സ്വതന്ത്രപുനരാഖ്യാനം എന്ന നിലയിലാണ് ഹുസ്നുൽ ജമാൽ കാവ്യം 1872-ൽ വൈദ്യർ രചിക്കുന്നത്. സയ്യിദ് ഖാദർ ഹുസൈന്റെ സംഗീതനാടകസംഘം 'ബേനജീരെ ബദ്റെ മുനീറെ' എന്ന പേരിൽ 1880-കളിൽ കോഴിക്കോട് ഒരു നാടകം കളിച്ചതായി കോഴിക്കോട്ടെ മുസ്‌ലിംകളുടെ ചരിത്രത്തിൽ പരപ്പിൽ മുഹമ്മദ് കോയ പറയുന്നുണ്ട്.[1] പ്രസ്തുത നാടകകൃതിയുമായി എന്തെങ്കിലും ബന്ധം ഈ നാടകത്തിനുണ്ടോ എന്നതും പഠിക്കേണ്ടതുണ്ട്.

പേർഷ്യൻ-അറേബ്യൻ കഥാഖ്യാനവഴികൾ തന്നെയാണ് അറബിമലയാളകവികളും തിരഞ്ഞെടുക്കുന്നതെന്നു കാണാം. പേർഷ്യൻ സൂഫീകഥാപരമ്പരയിൽപ്പെട്ട 'ചഹാർ ദർവേശ് ' 1866-ൽ അറബിമലയാളത്തിൽ അച്ചടിച്ച് 6 വർഷം കഴിഞ്ഞപ്പോഴേക്കും അത്തരമൊരു കാവ്യപാരമ്പര്യത്തിലെ 'ഹുസ്നുൽ ജമാലും' (1872) പുറത്തിറങ്ങി.

### ഹുസ്നുൽജമാലും മാപ്പിളപ്പെണ്ണും തമ്മിലെന്ത്?

'ഹുസ്നുൽജമാൽ കാവ്യം' രചിക്കപ്പെടുന്ന 1872-ലെ മാപ്പിളപ്പെണ്ണ് എങ്ങനെയായിരിക്കാം എന്നത് അന്വേഷിക്കാവുന്നതാണ്. ഹുസ്നുൽജമാലിലെ പ്രണയവും സ്ത്രീസ്വാതന്ത്ര്യവും മാത്രം ചില പ്രത്യേകതരത്തിൽ ഊന്നിക്കൊണ്ടിരിക്കുന്ന ഒരു ലിബറൽ പരിസരമാണ് ഇന്നു നമ്മുടെ വായനകളിൽ സ്ഥാനം നേടിയിട്ടുള്ളത്.



Scanned with CamScanner

ഇസ്ലാമിൽ പുരുഷാധിപത്യമൂല്യം ആരോപിക്കാനും, സ്ത്രീയുടെ സ്വാതന്ത്ര്യവാഞ്ഛ അതിനു പുറത്താണെന്നു കാണിക്കാനും ലിബറൽ വ്യവഹാരങ്ങൾക്ക് ഇതുവഴി സാധിക്കുന്നു.

എന്നാൽ ഈ സ്ത്രൈണകർത്തൃത്വം ഇസ്ലാമിലെത്തന്നെ ദാർശനികചരിത്രത്തിന്റെ ഭാഗമാണ് എന്നതാണ് നമുക്ക് ആലോചിക്കാവുന്ന കാര്യം. അക്കാലത്തെ മാപ്പിളസ്ത്രീകളിൽ സമരത്തിൽ പങ്കാളിത്തം വഹിച്ചവരും മതപണ്ഡിതകളായ മൊല്ലാച്ചിമാരുമെല്ലാമുണ്ടായിരുന്നതായി ചരിത്രം നമ്മോടു പറയുന്നു.

സൂഫീപാരമ്പര്യത്തിൽ സ്ത്രീകൾക്ക് ആത്മീയകർത്തൃപദവി തന്നെയുണ്ട്. നഫീസത്തുൽ മിസ്രിയ്യയുടെ വിജ്ഞാനസദസ്സിൽ ഇമാം ശാഫി(റ) പോവാറുണ്ടായിരുന്നു. ഹസൻ ബസരി(റ) എന്ന പണ്ഡിതൻ റാബിയ(റ) എന്ന സൂഫീ മഹതി എത്തിച്ചേരാതെ തന്റെ ഉദ്ബോധനസദസ്സ് ആരംഭിക്കാറില്ലായിരുന്നു. ഇത്തരം കാഴ്ചപ്പാടുകൾ സൂഫീകാവ്യസമ്പ്രദായങ്ങളിലും നിർണായകമായിരുന്നു. അതുകൊണ്ടുതന്നെ സ്ത്രീയുടെ ശക്തിയിലൂന്നുന്ന കാവ്യമായി ഹുസ്നുൽജമാൽ രചിക്കപ്പെടുന്നതിൽ സൂഫീചിന്തകളുടെ സ്വാധീനം പ്രധാനമാണ്.

വ്യക്തിത്വവും അന്തസ്സും വകവച്ചുകൊടുത്തുകൊണ്ടാണ് മിക്ക കഥാപാത്രങ്ങളും സ്ത്രീകളോട് പെരുമാറുന്നത്. മിക്കവാറും പലയിടങ്ങളിലും സ്ത്രീകളുടെ മേൽനോട്ടത്തിലാണ് കാര്യങ്ങൾ നിർവഹിക്കപ്പെടുന്നത്.

ശദ്ദാദ്, അബൂ സയ്യാദ്, ബഹ്ജർ രാജാവ് തുടങ്ങിയ പ്രതിനായകസ്വഭാവമുള്ള കഥാപാത്രങ്ങൾ പോലും സ്ത്രീകളുടെ അനുവാദമില്ലാതെ അവരുടെ അടുത്തുവരുന്നുപോലുമില്ല. മാത്രമല്ല, അബൂ സയ്യാദിനെ ശിക്ഷിക്കാൻവേണ്ടി വാണത്തിൽ കെട്ടിവിടുന്നതുപോലും ഭൂമിയിൽ തിരിച്ചെത്തുന്നതോടെയാണ് പരിപൂർത്തിയാവുന്നത്. ഏതെങ്കിലും ഘട്ടത്തിൽ ആഗ്രഹത്തോടെ സ്പർശിച്ചിട്ടുള്ളവരെല്ലാം ഈ കഥയിൽ വിവാഹം കഴിക്കുന്നതു കാണാം. അത് അഗമ്യഗമനത്തെ പ്രോത്സാഹിപ്പിക്കാത്ത ഒരു പ്രത്യേകതരം ലോകവീക്ഷണം തന്നെയാണ് വെളിപ്പെടുന്നത്.

മീർഹസൻ എഴുതിയ മസ്നവിയിൽ പുരുഷൻ ഹുസ്നുൽജമാലും, സ്ത്രീ ബദറുൽമുനീറും ആണ്. ഫോസ്റ്റ് ഉദ്ധരിക്കുന്ന മൂലകഥയ്ക്ക് വൈദ്യരുടെ കഥയിൽനിന്നും പല വ്യത്യാസങ്ങളുമുണ്ട്.



Scanned with CamScanner

മറ്റൊരു പ്രധാന കാര്യം, ബദറുൽമുനീർ എന്നത് പ്രവാചകന്റെ വിശേഷണമായി പറയുന്നതാണ് 'ത്വലഅൽ ബദ്റു അലൈനാ' (ഞങ്ങൾക്കുമേൽ ബദർ - ചന്ദ്രൻ -ഉദിച്ചു) എന്ന പാട്ട് പ്രവാചകനെ സ്വീകരിക്കാൻ മദീനക്കാർ പാടുകയും ഉണ്ടായി.

'അൽ ജമാൽ' എന്നത് ഹുസൈൻ(റ)ന്റെ വിശേഷണമാണ്. 'ഭംഗിയുടെ മികച്ച അവസ്ഥ' എന്നതാണ് 'ഹുസ്നുൽജമാൽ' എന്ന പ്രയോഗത്തിന്റെ അർഥം. ഇങ്ങനെ പല അടരുകളിൽ സങ്കീർണമായ ഒന്നായാണ് നമ്മുടെ മുന്നിൽ ഈ കാവ്യത്തിന്റെ സൂക്ഷ്മവായന തെളിയുന്നത്.

**അജ്മീറോ അസ്മീറോ?**

കഥ നടക്കുന്നത് ഇന്ത്യയിലെ അജ്മീറിൽ ആവാമെന്ന് പുന്നയൂർക്കുളം വി ബാപ്പു  എഴുതിയിട്ടുണ്ട്. പക്ഷേ, രണ്ടാം ഇശലിലെ ആറാംവരിയിൽ മുഈനുദ്ദീൻ ചിശ്തിയെക്കുറിച്ചു പറയുന്നിടത്ത് അജ്മീർ എന്നും, നാലാം ഇശലിലെ പന്ത്രണ്ടാം വരിയിൽ മഹാസീൻ രാജാവിന്റെ സ്ഥലമായ അസ്മീർ എന്നും പ്രത്യേകമായിത്തന്നെയാണ് അറബിമലയാളം പാഠങ്ങളിൽ കാണുന്നത്.

ഹിന്ദ്, അസ്മീർ എന്നിവ തീർത്തും സാങ്കൽപിക സ്ഥലങ്ങളായാണ് വൈദ്യർ ആവിഷ്കരിച്ചിരിക്കുന്നതെന്ന് ഇതിൽനിന്നും മനസ്സിലാക്കാം.

*'അവനിപ്പതി ഹിന്ദിന്റൊരു ഭാഗത്തിൽ*
*അസ്മീർ എനും പേരായ് നഗർ താനത്തിൽ' (ഇശൽ 4)*

എന്നാണ് പാട്ടിലുള്ളത്. അറബിക്കഥകളിൽ പൊതുവെ 'ഹിന്ദ്' വിസ്മയങ്ങളുടെ ഒരു സ്ഥലമാണ്. സിന്ധുവിന്റെ അപ്പുറമുള്ള ദേശം എന്നാണ് അതുകൊണ്ടർഥമാക്കുന്നത്: ഉത്തരേന്ത്യയെയും കവിഞ്ഞുനിൽക്കുന്ന പഴയ ഹിന്ദ് എന്ന ഭൂമിശാസ്ത്ര മേഖലയും, ഇക്കാലത്തെ ഇന്ത്യയും തമ്മിലുള്ള വ്യത്യാസം പരിഗണിക്കാൻ വൈദ്യർക്ക് ബാധ്യതയില്ലല്ലോ.

അറബി/പേർഷ്യൻ കഥകളുടെ സംസ്കാരത്തെയാണ് വൈദ്യർ പ്രധാനമായിക്കണ്ടത്. ഇരുപതാം നൂറ്റാണ്ടിനുമുമ്പുള്ള മാപ്പിളക്കൃതികൾ പ്രമേയത്തിലും, ബിംബങ്ങളിലും ഇന്നത്തെ ദേശീയ അതിരുകൾ മുൻനിർത്തിയല്ല ലോകം ഭാവന ചെയ്യുന്നത്. വിശാലമായ സമുദ്രാന്തരഭൂമേഖലകളെ മുൻനിർത്തിയാണ്.



Scanned with CamScanner

കവിതയിലെ ചില മെറ്റഫറുകൾ നമ്മെ ഈ വിധത്തിൽ ചിന്തിപ്പിക്കുന്നുണ്ട്.

1. സർഹന്ദ് മരം: എല്ലാത്തിനും പരിഹാരമുള്ള ഇടം,
2. രത്നപരിശോധന: പുറമേക്ക് മനോഹരമെന്നു കാണുന്നതിന്റെ അകം തിരിച്ചറിയാനാവുക. അത് സാധിക്കുന്നവൾ ഹുസ്നുൽജമാൽ.
3. ഉണർവിന്റെ തടാകം: ഈ തടാകത്തിൽ മുങ്ങിയാൽ മനസ്സിനും ശരീരത്തിനുമേറ്റ പരിക്കുകൾ ഇല്ലാതാകുന്നു.
4. ശദ്ദാദിനെ (കാഠിന്യവാനെ) കീഴടക്കൽ: നഫ്സുല്ലവ്വാമ(അമ്മാറ)യെ കീഴടക്കൽ കഠിനമാണ്.
5. അബൂ സയ്യാദിനോട് പ്രതികാരം: ആദ്യം ചതി ചെയ്തവനോട് അവസാനമാണ് പ്രതികാരം ചെയ്യുന്നത്. അബൂ സയ്യാദ് എന്ന പേരിന് കർബലചരിത്രത്തിലെ ക്രൂരനായ ഇബ്നുസിയാദിന്റെ പേരിനോടു സാമ്യമുണ്ട്. ഇത് യാദൃച്ഛികമാകാൻ വഴിയില്ല.
6. പക്ഷിയായി മാറൽ : ഇത് പല സൂഫീകാവ്യങ്ങളിലും കണ്ടുവരുന്നതാണ്.
7. ആത്മാർഥമായ പ്രണയങ്ങൾ സഫലമാവുന്നതിന്റെ കഥയാണിത്. ഒന്നല്ല, പലരുടേത്. അതേ സമയം ദുർമോഹങ്ങളുമായുള്ള പ്രണയങ്ങൾ തകർക്കപ്പെടുന്നതും കാണാം.
8. ഹുസ്നുൽ ജമാലിനെ കാമിക്കാനെത്തുന്ന പുരുഷൻമാരും, ബദറുൽമുനീറിനെ കാമിക്കാനെത്തുന്ന സ്ത്രീകളും ഭൗതിക പ്രലോഭനങ്ങളുടെ ഗംഭീരമായ രൂപകങ്ങളായാണ് കവിതയിൽ കടന്നുവരുന്നത്.

സൂഫീ ആധ്യാത്മജ്ഞാനത്തിന്റെ ഭാഗമായ ഈശ്വരാനുരാഗമായി ഹുസ്നുൽജമാലിനെ വിശദീകരിക്കുന്ന പഠനങ്ങൾ കുറവാണ്.

കെ അബൂബക്കർ വൈദ്യർക്കൃതികൾക്കെഴുതിയ പഠനത്തിൽ ഇങ്ങനെ കാണാം. സൂഫീരചനകളിൽ ഏറെ ശ്രദ്ധേയമാണ് വിരഹിണീസങ്കല്പം. ഭർത്താവിൽനിന്ന് അന്യായമായി അകറ്റപ്പെട്ടതിനാൽ തീവ്രമായ വിരഹവേദനയിൽ കഴിയുന്ന ഭാര്യ, അല്ലെങ്കിൽ വരന്റെ വരവുനാളും കാത്തുകഴിയുന്ന പ്രതിശ്രുതവധു. അവൾ ദൈവാനുരാഗിയായ മനുഷ്യാത്മാവിനെ പ്രതിനിധീകരിക്കുന്നു. പരമാത്മാവിന്റെ പ്രതീകമാണ് പ്രാണപ്രിയൻ. പരസ്പരം പിരിഞ്ഞു കഴിയേണ്ടിവന്നതിനാൽ ഹൃദയംതകർന്ന് വിലപിക്കുന്നവളാണ് അവൾ. പെട്ടെന്നു



Scanned with CamScanner

ള്ള സമാഗമത്തെ കൊതിച്ചും അതിനായി പ്രാർഥിച്ചും കഴിയുന്നവൾ. മറ്റെന്തിലുമേറെ ദൈവത്തെ പ്രണയിക്കുന്ന സൂഫികളുടെ ആത്മാവ് അനുഭവിക്കുന്ന വിരഹതീവ്രത ആവിഷ്കരിക്കാൻ ഏറ്റവും അനുയോജ്യമായ സങ്കേതമായി ഇതു വിനിയോഗിക്കപ്പെട്ടിട്ടുണ്ട്[2]. പേർഷ്യൻസാഹിത്യത്തിൽ പല പ്രണയകാവ്യങ്ങളും സൂഫീകാഴ്ചപ്പാടോടെ എഴുതപ്പെട്ടിട്ടുണ്ട്. 'ലൈലാമജ്നൂൻ', 'യൂസുഫ് വ സുലൈഖ', 'ഫർഹാദ്ശിരീൻ' എന്നിവ അതിൽപ്പെടുന്നു. ഇന്ത്യയിൽ അവധ്, ബ്രജ്, ബോജ്പൂരി പോലുള്ള പ്രാദേശികഭാഷകളേയും ഹിന്ദി, ബംഗാളി, പഞ്ചാബി , സിന്ധി തുടങ്ങിയ ഭാഷകളേയും സമ്പന്നമാക്കുന്നതിൽ സൂഫീപ്രണയകവിതകൾ പങ്കുവഹിച്ചതായി പഠനങ്ങളുണ്ട്.

**കേരളത്തിൽ**

ഇമാംഗസ്സാലിയുടെ 'കീമിയാസആദ', മുല്ലാസദറിന്റെ കൃതികൾ തുടങ്ങിയവ പേർഷ്യൻ ഭാഷയിൽതന്നെ കേരളത്തിൽ പള്ളിദർസുകളിൽ പഠിപ്പിക്കപ്പെട്ടിരുന്നു. അറബിമലയാളത്തിന് പൊതുവെ പേർഷ്യൻസാംസ്കാരികതയുമായി പല നിലക്കുള്ള ബന്ധങ്ങൾ കാണുന്നുണ്ട്. അറബിത്തമിഴിലൂടെയും, സൂഫീസാഹിത്യത്തിന്റെ ബിംബകല്പനകൾ കേരളത്തിലെത്തി. മാപ്പിളപ്പാട്ടുകളിലെ പ്രമേയങ്ങളിലും ആഖ്യാനരീതികളിലും ഇവയുടെ സ്വാധീനം കാണാനാവും. ഇന്ത്യൻ ഭക്തിസാഹിത്യത്തിലും പ്രണയത്തെ ഈശ്വരവിലയനമായി കാണുന്നുണ്ട്. ഫരീദുദ്ദീൻ അത്താറിന്റെ 'മൻത്വിഖുത്ത്വൈർ' എന്ന കവിതയിൽ 'ഒരു പക്ഷി പറന്ന് ഏഴുമലകളെ താണ്ടിപ്പോവുന്നത്' കാണാം. അത് ആത്മീയമായ ഏഴ് അവസ്ഥകളെയാണ് കാണിക്കുന്നത്. മാപ്പിളപ്പാട്ടുകൾക്ക് അത്തരമൊരു മിസ്റ്റിക് വായന പണ്ടുമുതലേ ജനപ്രിയമായി നിലനിൽക്കുന്നുണ്ട്. വൈദ്യരുടെ കാലത്തെ സാധാരണ ആസ്വാദകർക്കുപോലും ഇത്തരം സൂഫീബിംബങ്ങൾ പരിചിതമായിരുന്നു.[3] അതുകൊണ്ടാണ് മുഹ്യിദ്ദീൻമാല (1607) മുതൽ ഇരുപത്തൊന്നാംനൂറ്റാണ്ടിന്റെ തുടക്കംവരെ രചിക്കപ്പെട്ട മാപ്പിളപ്പാട്ടുകളിലെ ഗൂഢാർഥപ്രയോഗങ്ങൾപോലും സാധാരണക്കാർക്കിടയിൽ പ്രചരിച്ചത്. അർഥം പറഞ്ഞുവിശദീകരിക്കുന്ന 'പാടിപ്പറച്ചിൽ സദസ്സുകളും' ഉണ്ടായിരുന്നു. ത്വരീഖത്തുകളിലൂടെ വേരുറച്ച ഈ പാരമ്പര്യം ഇന്ത്യൻമഹാസമുദ്രത്തിന്റെ തീരങ്ങളിലെല്ലാം (മഅബറിലും, മലബാറിലു മടക്കം) തഴച്ചുവളർന്നു. ഗൂഢാർഥമാണെന്നുപോലും വ്യവച്ഛേദിക്കേണ്ട



Scanned with CamScanner

തില്ലാത്തവിധം സൂഫീബിംബാവലികൾ കവിതകളിൽ നിറഞ്ഞു. കപ്പൽ, സർഹന്ദ് മരം, ഉണർവിന്റെ തടാകം, പക്ഷിയാവൽ, ഇൻസാൽ എത്തൽ, ഇരുന്ന ഇരിപ്പിൽ ഏഴാകാശം കാണൽ, അദൃശ്യലോകങ്ങളിൽ രാജക്കിളിയായി പറക്കൽ തുടങ്ങിയ സങ്കൽപങ്ങളെ നൂറ്റാണ്ടുകളോളം കേരളീയമുസ്‌ലിംകൾ പണ്ഡിത-പാമരഭേദമെന്യേ പാടിപ്പോന്നിരുന്നു. ഇവയുടെ ബാഹ്യതലത്തെ ആരും കാര്യമാക്കിയില്ല. പല മതപണ്ഡിതൻമാരും സൂഫീഗുരുനാഥൻമാരുടെ മുരീദു (അനുയായി) കളായിരുന്നതിനാൽ ഇത്തരം വ്യാഖ്യാനങ്ങൾ അവർ വഴിയും ജനകീയമായി. പിന്നീട് ഇരുപതാംനൂറ്റാണ്ടിന്റെ പകുതിയിൽ, ആധുനിക ജീവിതരീതിയിലേക്ക് മാപ്പിളമാരും മാറി. പഴയതരം കാവ്യവ്യാഖ്യാനങ്ങൾ സ്വാഭാവികമോ ദൈനം ദിനമോ ആയ അനുഭവമല്ലാതായി. അങ്ങനെ അവയുടെ ബാഹ്യാർഥത്തിനു പ്രാധാന്യം വരികയും പല വരികളും അസംബന്ധങ്ങളായി മനസ്സിലാക്കപ്പെടുകയും ചെയ്തു. മലപ്പുറം പടപ്പാട്ടിൽ (1883) സ്വപ്നംവഴി ഒരു ആശയക്കുഴപ്പം പരിഹരിച്ചതിനെപ്പറ്റി മോയിൻകുട്ടി വൈദ്യർ പറയുന്നുണ്ട്. ശഹീദ് പോക്കർ വീഴ്ത്തിയ ശത്രുക്കളുടെ എണ്ണം അദ്ദേഹം സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടാണ് വൈദ്യരോടു പറയുന്നത്. ഇത്തരം കാര്യങ്ങൾ മനസ്സിലാക്കാൻ ജനങ്ങൾക്ക് യാതൊരു പ്രയാസവും അക്കാലത്തുണ്ടായിരുന്നില്ല.

1940-കളിൽ പുലിക്കോട്ടിൽ ഹൈദർ എഴുതിയ മറിയക്കുട്ടിക്കത്തുപാട്ടിൽ മറിയക്കുട്ടി ഭർത്താവിനോട് ആണയിടുന്നത് നോക്കൂ:

'*എന്നെ നിങ്ങളൊയ്യെ തൊട്ടിട്ടില്ല മറ്റൊരാണ്,*
*എമ്പിടുന്നു കൊണ്ടുവെട്ടിത്തങ്ങളെ കാലാണ്.*' എന്നാണ്.

കൊണ്ടോട്ടിത്തങ്ങളെ കാലുപിടിച്ചു സത്യം ചെയ്യുന്നുവെന്നത് അത്രയും പ്രബലമായ ഒരു കാഴ്ചപ്പാടായിരുന്നു എന്നർഥം.

ബദറുൽമുനീറിനെ ബാഹ്യാർഥത്തിലെടുത്താൽ മനോഹരമായ ഒരു പ്രണയകഥയാണതെന്ന് പറയാം. പക്ഷേ, ഹുസ്നുൽജമാലിനെ വിവാഹം കഴിച്ചശേഷം ഖമർബാൻ, സുഫൈറത്ത്, ജുമൈലത്ത് എന്നിവരെക്കൂടി മുനീർ വിവാഹം കഴിക്കുന്നുണ്ട്. ഇവിടെ വച്ച് ഈ 'ദിവ്യപ്രണയ'ത്തിൽ നാം സംശയാലുക്കളാവുന്നു. ഇത്തരം കാവ്യങ്ങൾ മനസ്സിലാക്കാൻ ബാഹ്യാർഥം മാത്രം മതിയാവാതെ വരുന്നു എന്നാണിത് കാണിക്കുന്നത്. മുഹ്‌യിദ്ദീൻമാലയെക്കുറിച്ചുള്ള പഠനത്തിൽ ഡോ. കെ എം അനിൽ എഴുതുന്നു: 'സൂഫീവര്യൻമാർ ദൈവത്തെ സൗന്ദര്യമായും തങ്ങളെ ദൈവത്തിന്റെ സ്നേഹ



Scanned with CamScanner

ത്തിനു പാത്രമായ സൗന്ദര്യമായും വിശദീകരിക്കുന്നു. ദൈവമെന്ന സൗന്ദര്യത്തിന്റെ കാമുകരാണു തങ്ങളെന്ന് സൂഫികൾ കരുതുന്നു. ദൈവികമായ അനുഭൂതികളെ ഭാഷയിലൂടെ വിശദീകരിക്കാനാവുന്നില്ലല്ലോ എന്ന് പരിതപിക്കുന്നവരാണവർ. അതുകൊണ്ട് അന്യാപദേശങ്ങൾകൊണ്ടുതീർത്ത അനേകം ആഖ്യാനങ്ങളാണ് സൂഫീവര്യൻമാരുടേതായി നമുക്കു ലഭിച്ചിട്ടുള്ളത്. സൗന്ദര്യത്തിന്റെ രൂപകാത്മകതയാണ് (metaphoric) സൂഫീരചനകളുടെ സവിശേഷത. പതിനെട്ടായിരം ലോകങ്ങളെ കടുകുപോലെ തന്റെ കൈവെള്ളയിൽ ഒതുക്കിയ ശൈഖ് ജീലാനിയുടെ അനർഘങ്ങളായ അത്ഭുതങ്ങളുടേയും നിഗൂഢമായ ഇടപെടലുകളുടേയും മുമ്പിൽ സാക്ഷാൽ മലകൾപോലും ഭസ്മമായിപ്പോകുമെന്നും, അഗാധമായ സമുദ്രത്തിലാണ് ഈദൃശമഹത്ത്വങ്ങൾ പതിക്കുന്നതെങ്കിൽ സമുദ്രംപോലും വറ്റിപ്പോകുമെന്നും കുഞ്ഞായിൻ മുസ്ല്യാർ നൂൽമാലയിൽ പറയുന്നുണ്ട്. 'കറാമത്ത്' എന്ന അനുഭവത്തെ വിശദീകരിക്കാൻ കഴിയാത്തതുകൊണ്ടാണ് ഇത്തരം പെരിയ രൂപകങ്ങൾ കവികൾക്ക് ഉപയോഗിക്കേണ്ടി വരുന്നത്.[4]

അനാദിയും, അനന്തവുമായ ദൈവികവിശേഷണങ്ങളെ സൂഫികൾ കവിതകളിൽ വരച്ചു കാണിക്കാൻ ശ്രമിക്കുകയാണ്. കഥകളിൽനിന്ന് ഉപകഥകളിലേക്കു പടരുന്ന സമ്പ്രദായം, വർണനയിലെ 'മാജിക്കൽ റിയലിസ്റ്റ്' സ്വഭാവം എന്നിവയെല്ലാം ഇങ്ങനെയാണ് പല കഥാപാരമ്പര്യങ്ങളിലും കണ്ടുവരുന്നത്. അറബിക്കഥകളൊക്കെ ഈ സമ്പ്രദായമാണ് സ്വീകരിച്ചിട്ടുള്ളത്.

സ്നേഹവും അനുകമ്പയുമാണ് ഇസ്‌ലാമികദൈവശാസ്ത്രത്തിന്റെ കേന്ദ്രമെന്ന് ഇബ്നു തൈമിയ്യ പറയുന്നുണ്ട്. ഇസ്‌ലാമിക വിശ്വാസപ്രകാരം ദൈവകാരുണ്യത്തെ വിശദീകരിച്ചുകൊണ്ട് സൂഫികൾ പറയാറുണ്ട്. 'നരകത്തിന് അവസാനമുണ്ട് (ഫനാഉന്നാർ). എന്നാൽ സ്വർഗത്തിന് അവസാനമില്ല.' അല്ലാഹുവിന്റെ കാരുണ്യം എന്ന വിശേഷണത്തിനു വിരുദ്ധമാണ് ശാശ്വതമായ നരകം എന്നാണ് സൂഫികളുടെ വ്യാഖ്യാനം. അല്ലാഹുവിന്റെ കാരുണ്യം അനന്തമാണ്. അനന്തമായ ഒന്നിനെ ഭാഷയുടെയോ, ഭൗതികയുക്തിയുടേയോ പരിമിതിയിൽ ആവിഷ്കരിക്കാനാവില്ല. അതുകൊണ്ട് പെരുപ്പിച്ച രൂപകങ്ങളിലൂടെ ഭാഗികമായെങ്കിലും പറയാനുള്ള ശ്രമമാണ് ഇത്തരം കവികൾ നടത്തുന്നത്.



Scanned with CamScanner

ഇത്തരമൊരു കാവ്യാവിഷ്കാരരീതി മനസ്സിലാക്കാതെയാണ് പലരും വ്യാഖ്യാനങ്ങൾക്കൊരുമ്പെടുന്നത്. ഉദാഹരണത്തിന്, സൂഫികൾ വളരെയധികം ആദരിക്കുന്ന അധ്യാത്മജ്ഞാനിയാണ് ഉമർ ഖയ്യാം. മദ്യം എന്ന രൂപകം ദൈവികപ്രണയത്തിന്റെ ലഹരിയായാണ് അദ്ദേഹം കവിതകളിലുപയോഗിച്ചത്. എന്നാൽ, ഉമർ ഖയ്യാമിന്റെ റുബാഇയ്യാത്തിന്, ഫ്രിറ്റ്സ്ജെറാൾഡ് തയ്യാറാക്കിയ വിവർത്തനം പലപ്പോഴും ബാഹ്യാർഥങ്ങളിൽ കുടുങ്ങുന്നുണ്ട്. മതനിരാസത്തിന്റെ ജീവിതരീതിയായി യൂറോപ്യരടക്കമുള്ള വായനക്കാർ ഇതു മനസ്സിലാക്കുന്നതിന് പ്രസ്തുത വിവർത്തനം കാരണമായിട്ടുണ്ട്. മദ്യം, ചഷകം തുടങ്ങിയ സൂഫീ ഇമേജറികളെ കേവല മദ്യപാനവും ഭൗതിക പ്രണയവുമായി പിന്നിട് പലരും വിശദീകരിക്കാൻ ഇതു കാരണമായി.[5]

ഹുസ്നുൽജമാലിന്റെ ഉള്ളടക്കത്തിലും പ്രതീകനിർമിതിയിലും ഇസ്ലാമികദാർശനികതയുടെ അടയാളങ്ങൾ കുറവാണെന്നാണ് ബാലകൃഷ്ണൻ വള്ളിക്കുന്ന് നിരീക്ഷിക്കുന്നത്. പ്രവാചകന്റെ കുടുംബപാരമ്പര്യത്തോടുള്ള ആദരവും, അറബി-പേർഷ്യൻ തുടർച്ചയിലുള്ള അഭിമാനവും ഒരു പേർഷ്യൻമിത്തിന്റെ പുനരാവിഷ്കരണത്തിലൂടെ സാധിക്കുകയായിരുന്നു വൈദ്യർ. ഇതിൽ ദൈവശാസ്ത്രത്തെക്കാളുപരി പ്രാദേശിക മാപ്പിളവൈകാരികതയാണുള്ളതെന്ന് വള്ളിക്കുന്ന് ചൂണ്ടിക്കാട്ടുന്നു. 'പ്രകൃത്യാതീതശക്തികളുമായി ഇടപെടുന്ന മായികവും, വീരസാഹസികവുമായ അതിമാനുഷികതലമാണ് നാടോടി സാമൂഹികതയെ-പ്രാദേശികത്വമുള്ള മാപ്പിളയെ - ആകർഷിക്കുന്നത്.[6]

നാടോടിസാമൂഹികതയെപ്പറ്റിയുള്ള വള്ളിക്കുന്നിന്റെ പരാമർശം ശരിയായിരിക്കാം. എങ്കിലും ഇസ്ലാമിക ദാർശനികത പ്രതീകങ്ങളിലൂടെ ആവിഷ്കരിക്കുന്നതിനെ അദ്ദേഹം കാണാതെ പോകുന്നുണ്ട്. മനുഷ്യന്റെ സഹജമായ ലൈംഗികാഭിനിവേശങ്ങളെ നിരാകരിക്കുകയോ, നിയന്ത്രണങ്ങളില്ലാതെ അഴിച്ചുവിടുകയോ ചെയ്യുകയല്ല ഇസ്ലാം. അവയെ യാഥാർഥ്യബോധത്തോടെ അഭിമുഖീകരിക്കുകയാണ്. ഈ രീതിയിലാണ് ഹുസ്നുൽജമാലിലും പ്രണയചേഷ്ടകൾ വിവരിക്കപ്പെടുന്നത്.

'ബദറുൽമുനീറിലെ പ്രേമസങ്കല്പം' എന്ന എ.പി. കുഞ്ഞാമുവിന്റെ ലേഖനത്തിൽ വിലയിരുത്തുന്നത് ഇങ്ങനെയാണ്. ഒട്ടേറെ പ്രലോഭന



Scanned with CamScanner

ങ്ങൾക്കിടയിലും മുനീറും ജമാലും പ്രണയം ഹൃദയത്തിൽ സൂക്ഷിച്ചു. പ്രണയസാഫല്യത്തിനുവേണ്ടി പല വേഷങ്ങളും കെട്ടി. ഹുസ്നുൽ ജമാലിനോട് അബൂസയ്യാദിനും, മുശ്ത്താഖിനും തോന്നിയ കമ്പം സൗന്ദര്യം കണ്ടുളവായ കാമാവേശത്തിന്റെ അകമ്പടിയോടെ വന്നതാണ്. ഇതേ വികാരാവേശമാണ് ബദറുൽമുനീറിനെ കാമിച്ച പെണ്ണുങ്ങൾക്കെല്ലാമുള്ളത്. മുനീറിനെ കാണുമ്പോഴേക്കും അവ സ്വയം അലിഞ്ഞുപോകുന്നു. പിന്നീട് മുനീറിനുവേണ്ടി എന്തും ത്യജിക്കാൻ അവർ തയ്യാർ. ഉബൈസും, ഖമർബാനും, സുഫൈറയും, ജമീലയുമെല്ലാം മുനീറിനെക്കണ്ട് പ്രേമപാരവശ്യത്തിൽ വീഴുന്നവരാണ്. അവരുടെയൊക്കെ ഹൃദയവികാരം കാമാതുരംതന്നെ. ഈ വികാരസമ്മർദ്ദങ്ങൾക്കിടയിൽ മുനീറും ജമാലും തമ്മിലുള്ള ഗാഢമായ ആത്മബന്ധം വേറിട്ടുനിൽക്കുന്നു. അവരിരുവരും പരസ്പരം ചേരാനുള്ള മാർഗത്തിൽ മറ്റെല്ലാം വേണ്ടെന്നു വയ്ക്കുന്നു. ശദ്ദാദ് എന്ന ഭൂതം മുനീറിനെ കടലിലേക്കു വലിച്ചെറിഞ്ഞു. വെള്ളത്തിൽനിന്നു പൊങ്ങുമ്പോൾ ഹുസ്നുൽജമാൽ എന്ന പേരാണ് ആ കാമുകന്റെ നാവിൽ. ജമാലിന്റെ പേരുചൊല്ലിവിളിച്ചാണ് അയാൾ കടലിൽ ഒരു രാവും പകലും കഴിഞ്ഞത്. ജമാലിനു വേണ്ടിയാണ്, മുനീർ തന്നെപ്രാപിക്കാൻവന്ന തരുണീമണികളുടെ ശൃംഗാരചേഷ്ടകളെല്ലാം അവഗണിച്ചത്. ജമാലിനു വേണ്ടിയാണ് അയാൾ സുഫൈറ നൽകിയ കടുത്ത ശിക്ഷ ഏറ്റുവാങ്ങിയത്. തന്റെ പ്രണയസാഫല്യത്തിന് മുനീർ എത്ര വലിയ ത്യാഗത്തിനും തയ്യാറായിരുന്നു എന്നർഥം.[7]

അഗാധമായ ദിവ്യസ്നേഹവും, താൽക്കാലിക ശാരീരികാഭിനിവേശവും തമ്മിലുള്ള വ്യത്യാസം വൈദ്യർ വരച്ചുകാട്ടുന്നുവെന്നാണ് കുഞ്ഞാമു അഭിപ്രായപ്പെടുന്നത്. ഇവിടെ, കമിതാക്കളിലൂന്നിയ പ്രണയകാവ്യമായാണ് കുഞ്ഞാമുവും കൃതിയെ സമീപിക്കുന്നത് എന്നുകാണാം.

അറബിമലയാളസാഹിത്യത്തിന്റെ സ്രോതസ്സ് കേവലം കേരളത്തിന്റെ ഭൂപ്രദേശപരമായ അതിരുകളിലൊതുങ്ങുന്നില്ല. ഇന്ത്യൻ മഹാസമുദ്രത്തിന്റെ തീരങ്ങളാകെ പടർന്നുകിടക്കുന്ന ദാർശനിക-സൗന്ദര്യഭൂമികയാണത്. ഇസ്ലാമിന്റെ സാർവലൗകികമൂല്യങ്ങളും, പ്രാദേശിക സംസ്കാരവും കലർന്ന രീതിയാണവ സൂക്ഷിക്കുന്നത്. പ്രമേയവും പദാവലികളും പ്രാസനിയമങ്ങളും രചനാരീതിയും നോക്കിയാൽ അറബിത്തമിഴിന്റെ പാരമ്പര്യം തന്നെയാണ് അറബിമലയാളത്തിലും



Scanned with CamScanner

കാണുന്നത്. കാവ്യരചനയിൽ സൂഫീത്വരീഖത്തുകളുടെ സ്വാധീനവും തമിഴ് പാരമ്പര്യത്തിലൂടെയാണ് മാപ്പിളക്കവികൾക്കു ലഭിക്കുന്നത്. അറബിത്തമിഴിലെ പ്രസിദ്ധ കവിയായ ഗുണംകുടി മസ്താൻ (മരണം-1832) ദൈവത്തെ കാമുകിയായാണ് സങ്കല്പിക്കുന്നത്.

*'എന്നെ വിട്ടാൽ മാപ്പിളമാർ എത്തനയോ ഉണ്ട് ഉനക്കെയ്.*
*ഉന്നെ വിട്ടാൽ പെൺ എനക്കുണ്ടോ മനോമണിയേ'.*[8]

*'മദന മണമുടി അഴകും*
*നബിയുടെ മദ്ഹും*
*ഉര ചെയ്ത് മുടിയുമോ'* (കാമുകിയുടെ മുടിയഴകും, പ്രവാചകന്റെ വാഴ്ത്തുകളും പറഞ്ഞാൽ തീരുമോ?) എന്ന് കുഞ്ഞായിൻ മുസ്‌ല്യാരും[9] എഴുതുന്നുണ്ടല്ലോ.

ഇമാം ഗസ്സാലി (റ) യുടെ 'സവാനിഇ'ൽ, സൂഫികൾ സാഹിത്യത്തിലൂടെ പ്രതീകവൽക്കരിക്കുന്ന ദൈവികപ്രണയത്തെപ്പറ്റി വിശദീകരിക്കുന്നുണ്ട്. സൂഫികൾക്കിടയിൽ വിശ്വാസശാസ്ത്രപരമായ വിഭാഗീയതകളും കാണാനാവില്ല. പിൽക്കാലത്ത് ശിആ-സുന്നി എന്നീ മട്ടിൽ വികസിച്ച ഇസ്‌ലാമികധാരകളെ സൂഫികൾ ഒരേമട്ടിലാണ് നോക്കിക്കണ്ടത്.അതിനാൽ സുന്നീ-ശിആ സ്രോതസ്സുകൾ ഇടകലർന്ന് ഇത്തരം കവിതകളിൽ ഉപയോഗിച്ചതായിക്കാണാം. വടക്കേ മലബാറിൽ പ്രചാരത്തിലുണ്ടായിരുന്ന പക്ഷിപ്പാട്ട്, കുറത്തിപ്പാട്ട് എന്നിവ ശിആ-പേർഷ്യൻ സ്വാധീനംവഴി കൈവന്നതാവാമെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.[10]

**ഫലശ്രുതി (ഉദ്ദേശ്യലക്ഷ്യങ്ങൾ)**

ഹുസ്നുൽജമാൽ കാവ്യത്തിന്റെ അറബിമലയാളപ്പതിപ്പിന്റെ പുറംചട്ടയിൽ ഇങ്ങനെ കാണാം. 'ഇത് മോയിൻ കുട്ടി വൈദ്യരാൽ ഉണ്ടാക്കപ്പെട്ട ബദറുൽമുനീർ ഹുസ്നുൽജമാൽ എന്ന പാട്ട് ആകുന്നു. ഇതിൽ ഹാശിഖും മഅ്ശൂഖുമായ ഇരുവരുടെ ഇടയിൽ വന്നുഭവിച്ച പല സങ്കടവ്യസനങ്ങളും സന്തോഷസുഖങ്ങളും മറ്റും വിവരി ക്കുന്നു. അതൃപ്പത്തിൽ സന്തോഷവർദ്ധന ഉണ്ടാക്കുന്ന ഈ പാട്ട് വ്യസനവും മനഃക്ലേശവുമുള്ള അവസരങ്ങളിൽ പാടിയാൽ സന്തോഷം ഉണ്ടാകുന്നതാണ്'. (ഹിജ്റ 1400 (1980), സി.എച്ച്. മുഹമ്മദ് ആന്റ് സൺസ് തിരൂരങ്ങാടി)

മാപ്പിളമാർ വാമൊഴിയായി ചൊല്ലിനടന്നിരുന്ന ഇതിലെ പാട്ടുകൾക്ക് പിന്നീട് വ്യാപകത്വം ലഭിച്ചപ്പോൾ വ്യാഖ്യാനപരമായ ആഴംകു

റഞ്ഞു പോയിട്ടുണ്ടാവാം. അതിനാലാവാം ഇത്തരം വിശദീകരണങ്ങൾ പ്രസാധകർക്കു ചേർക്കേണ്ടി വരുന്നത്.

വൈദ്യർ കാവ്യത്തിൽ പറയുന്നത് ഇപ്രകാരമാണ്:

*'ഇന്തെ കഥ ഉറ്റിട്ട് അഖൽ കൊണ്ടോർത്താൽ*
*ഏറ്റം ഫസാഹത്തും പൊരുളുണ്ട് കേൾ'.* (ഇശൽ 94)

ഈ കഥ ബുദ്ധിയുണർത്തി ആഴത്തിൽ ആലോചിച്ചാൽ ഏറെ ഫസാഹത്തും (വാഗ്വൈഭവം - പ്രതീകങ്ങളിലൂടെ പൊരുളുകൾ ആവിഷ്കരിക്കുന്ന രചനാരീതി) അതിന്റെ പേരുകളും ഉണ്ടെന്നു മനസ്സിലാവും.

കേവല പ്രണയകഥയായല്ല, താൻ ഈ കാവ്യം എഴുതുന്നതെന്നു വൈദ്യർക്ക് ഉത്തമബോധ്യമുണ്ട് എന്നാണ് ഇതു കാണിക്കുന്നത്. പ്രസാധകർ പറയുന്നതുപ്രകാരം ഹാശിഖിനും മഅ്ശൂഖിനും വന്നുഭവിച്ച വ്യസനങ്ങളും സുഖങ്ങളും മനസ്സിലാക്കിയാൽ നമുക്കു സന്തോഷം ഉണ്ടാകും. ക്ലേശം മാറി മനസ്സമാധാനം ലഭിക്കുമെന്ന്. പ്രസാധകരും ഇതു കേവലപ്രണയഗാനമായല്ല അവതരിപ്പിക്കുന്നത്. മറിച്ച്, മനസ്സിനു സന്തോഷമുണ്ടാക്കുന്ന കാര്യമായാണ്. ഒന്നാം ഇശലായ മുനാജാത്തിൽ കവി പറയുന്നത് 'തിരിത്തിടൂൽ അത്യപ്പമിക്കെ, തരങ്കളായ് പിണർപ്പതുക്കെ' എന്നാണ്. ചിന്തിക്കുന്നവരെ അത്ഭുതഭരിതരാക്കാൻ ഉതകുംവിധമുള്ള ഒരു കഥയാണ് ഞാൻ രചിക്കാൻ ഉദ്ദേശിക്കുന്നത് എന്നാണ്.

ഖാദി മുഹമ്മദ് (പതിനാറാം നൂറ്റാണ്ട്) കുഞ്ഞായിൻ മുസ്ല്യാർ (പതിനെട്ടാം നൂറ്റാണ്ട്) എന്നിവരെപ്പോലെ ഖാദിരീ-ചിശ്ത്തി-സൂഫീ ത്വരീഖത്തിലെ മുരീദായിരുന്നു വൈദ്യർ. അതിനാൽ സൂഫികളിൽനിന്നു പകർന്നു കിട്ടിയ ദർശനം ഇത്തരം കാവ്യങ്ങൾക്കകത്ത് ഉൾച്ചേർത്തിട്ടുണ്ട് എന്നു മനസ്സിലാക്കാം.

കാവ്യത്തിലെ മൂന്നാം ഇശലിലെ,

*'ബരിശൈ മികന്തെ ബഗ്ദാദിൽ*
*ലങ്കും ബദർ അബ്ദുൽഖാദർ ഗുരുവരാം*
*ബലദുറ്റെ അജ്മീറിൽ വാഴും മുഹിയുദ്ദീൻ താമും തുണയാം*
*പരിശിൽ മികന്തെ ഖുത്ബീങ്ങൾ ശൈഖോർ*
*വലിയാക്കൾ സാലിക് അനപേർ*
*പരിപൂരണത്തിൽ തരുളായുദിത്തെ*
*നബി ഉമ്മത്ത് യവ്വർ തുണയാം'* എന്ന വരികൾ ഇതിന് നല്ല ഉദാഹരണമാണ്.



Scanned with CamScanner

'വർഷങ്ങളായി മികച്ച ബഗ്ദാദ് നാട്ടിൽ തിളങ്ങുന്ന പൂർണചന്ദ്ര നായ അബ്ദുൽഖാദർ എന്റെ ഗുരുവാണ്. ഉറ്റനാടായ അജ്മീറിലുള്ള ഖാജാ മുഈനുദ്ദീൻ എന്നവരും എനിക്കു തുണയാണ്. വിശേഷണ ങ്ങൾകൊണ്ടു പ്രസിദ്ധിയാർജ്ജിച്ച ഔലിയാക്കൾ, ശൈഖന്മാർ, ആത്മീയനേതാക്കൾ, പ്രവാചകരുടെ ഉമ്മത്തിൽ മുത്തായുദിച്ചവർ സകലരും എനിക്കു തുണയാണ്.' ഇത്തരം വരികൾ മേൽപ്പറഞ്ഞ വാദങ്ങൾക്കു സാധുത നൽകുന്നുണ്ട്.

ആന്തരാർഥത്തിനു വേണ്ടി എഴുതിയതാണോ?

വൈദ്യരുടെ ആദ്യകാലത്ത് കൗമാരചാപല്യങ്ങളുടെ പ്രണയശരീര വർണനകളിൽ അഭിരമിച്ചിരുന്നു. വൈദ്യരെ വഴിതിരിച്ചുവിട്ടത് നിസാ മുദ്ദീൻ മിയയാണ്. ഹുസ്നുൽ ജമാലിലെ പല ഇശലുകളും നേരത്തെ ഒറ്റപ്പാട്ടുകളായി ഇത്തരത്തിൽ എഴുതിയതാണെന്നും പറയുന്നു. എന്നാൽ പിന്നീട് ആന്തരപൊരുളുകളുള്ള സൂഫീജ്ഞാനമായി പ്ര ണയത്തെ സങ്കൽപിക്കാൻ നിസാമുദ്ദീൻ മിയയുടെ സഹായത്താൽ വൈദ്യർക്കു സാധിച്ചു.

നാലാമത്തെ ഇശലിലെ ഈ വരികൾ ശ്രദ്ധേയമാണ്.

*'ചൊവ്വായ് എനയ് ദില്ലിൽ ഫഹ്മില്ലാനേ..*
*ചേർച്ചത്തരം പോലെ തുടർത്തുവാനേ*
*നവ്വിർ ഖുലൂബീ യാ അളീമായോനേ*
*നള്മാൽ ഒരു ഖിസ്സ നുവൽക്കുവാനേ.*
*നുവൽവാൻ ഇതിൻ റാവി നിസാമുദ്ദീനാം*
*നാമം ഹനഫിയിൽ മശ്ഹൂറനാം '*

(ചൊവ്വായി എന്റെ ഹൃദയത്തിൽ ഉൽബുദ്ധത നൽകി, ഉചിതമായ തരത്തിൽ കവിത രചിക്കുവാൻ മഹോന്നതനേ, എന്റെ ഹൃദയ ങ്ങളെ നൂറിനാൽ പ്രകാശിപ്പിക്കണേ! ഹനഫിയിൽ പ്രസിദ്ധനായ നിസാമുദ്ദീൻ എന്നയാളാണ് കാവ്യരൂപത്തിൽ ഒരു കഥ രചിക്കു വാൻ, ഇതിന്റെ നിവേദകൻ. ഹുബ്ബ്, ഇശ്ഖ് എന്നിവയുടെ സത്യത്തെ മനസ്സിലാക്കി ഔചിത്യത്തോടെ രചന നിർവഹിക്കുവാൻ ആവശ്യ മായ കാര്യബോധം എന്റെ ഹൃദയത്തിന് ഇല്ലായിരുന്നു. മഹത്ത്വമു ള്ള അല്ലാഹുവേ, എന്റെ ഹൃദയങ്ങളെ നൂറുകൊണ്ടു പ്രകാശിപ്പിക്കേ ണമേ! കവിതാരൂപത്തിൽ ഒരു കഥ നെയ്തുണ്ടാക്കാൻ എനിക്ക് നിവേദകൻ ആയി നിൽക്കുന്നയാളാണ് നിസാമുദ്ദീൻ. അദ്ദേഹത്തി



Scanned with CamScanner

ന്റെ പേര് ഹനഫീ നാടുകളിൽ പ്രസിദ്ധിയാർജിച്ചതാണ്.)

ഇവിടെ ഹൃദയം എന്നതിനുപകരം ഹൃദയങ്ങൾ എന്നാണ് കവി സൂചിപ്പിക്കുന്നത്. പല ഘട്ടങ്ങളിൽ പല തരത്തിൽ പെരുമാറുന്ന കവിയുടെ അവസ്ഥകൾ എന്നാണ് അതുകൊണ്ടുദ്ദേശിക്കുന്നത്. നൂറ് എന്നതിന് പ്രകാശം എന്നും മുഹമ്മദ് നബി എന്നും അർഥമുണ്ട്. ഇവിടെ മുഹമ്മദീയ പ്രകാശം എന്നാണർഥം. വൈദ്യർക്കു കഥകളും ചരിത്രവും ഉപദേശങ്ങളും നൽകുന്ന നിവേദകൻ പേർഷ്യൻപണ്ഡിത നായ നിസാമുദ്ദീൻ മിയയാണ്. അദ്ദേഹത്തെക്കുറിച്ച് വൈദ്യർ പലയി ടങ്ങളിൽ പറയുന്നുണ്ട്. മാർഗനിർദ്ദേശകനായ നിസാമുദ്ദീൻ മുഹമ്മദീ യപ്രകാശം കൊണ്ട് ഗൂഢജ്ഞാനത്തിന്റെ വഴികളെപ്പറ്റിയുള്ള റസാ ഇലുകൾ പഠിപ്പിച്ചുതരികയും ചെയ്ത തന്റെ ഗുരു എന്നാണ് അർഥ മാക്കുന്നത്. 'ഹനഫി' യിൽ എന്നത്, ഇസ്ലാമികകർമശാസ്ത്രത്തിലെ പ്രധാനപ്പെട്ട ശാഖയായ ഹനഫി മദ്ഹബ് അനുസരിച്ചു ജീവിക്കുന്നവ രുടെ നാടുകളിൽ എന്നും അർഥമാകാം. വടക്കേ ഇന്ത്യ, അഫ്ഗാൻ, പേർഷ്യ, തുർക്കി എന്നിങ്ങനെയുള്ള നാടുകളെയാണ് സൂചിപ്പിക്കു ന്നതെന്നും വേണമെങ്കിൽ പറയാവുന്നതാണ്. ഈ പ്രദേശങ്ങളിലെ പല ആളുകൾക്കും നിസാമുദ്ദീൻ എന്ന പേരുണ്ട്. വടക്കേ ഇന്ത്യയിലെ നിസാമുദ്ദീൻ ഔലിയ ഒരു ഉദാഹരണമാണ്. നമ്മുടെ നാട്ടിൽ അത്തരം പേരുകൾ കുറവാണ്. നിസാമുദ്ദീൻ മിയയുടെ പേർഷ്യൻബന്ധവും ഇവിടെ ഉദ്ദേശിക്കുന്നുണ്ടാവാം. 'നാമം ഹനഫിയിൽ മശ്ഹൂറനാം' എന്നാണ് കവിതയിലുള്ളത്. 'നാം' എന്ന ഹിന്ദി / ഉറുദുവാക്കാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത് എന്നതും ശ്രദ്ധിക്കേണ്ടതാണ്.

കാവ്യത്തിന്റെ നാലാം ഇശലിൽ വൈദ്യർ നടത്തുന്ന പ്രാർഥന, സൂഫീദർശനത്തെ അദ്ദേഹം എത്രമാത്രം പ്രാധാന്യത്തോടെ കാണുന്നു എന്നതിന് തെളിവാണ്.

*'യവ്വർ തുണയും തന്തരുൾ റഹ്മാനേ..*
*യഫ്നൽ വറാ എന്നും ഹയാത്തുള്ളോനേ'*

'യഫ്നൽ വറാ 'എന്നത് സൂഫി തത്ത്വചിന്തയിലെ ഏറ്റവും പ്ര ധാനപ്പെട്ട ഒരു ഭാഗമാണ്. 'ഫനാ' എന്ന വാക്കിന്റെ അർഥം നാശം എന്നാണ്. എന്നാൽ സൂഫികൾ കൊടുക്കുന്ന സാങ്കേതികാർഥം ആത്മനാശം എന്നാണ്. തന്നിൽ ഒന്നുമില്ല എല്ലാം അല്ലാഹുവിന്റേ താണ് എന്നു മനസ്സിലായിട്ട് അവനിൽ ലയിക്കുന്ന അവസ്ഥക്കാണ് ഫനാ എന്നു പറയുക. ഞാൻ എന്ന അസ്തിത്വത്തിന് നിലനിൽ



Scanned with CamScanner

ക്കാൻ പോലും അർഹതയില്ല. കാരണം 'ഞാൻ' യഥാർഥത്തിൽ ഇല്ല. ഞാൻ അവനാൽ നിലനിൽക്കുകയാണ്. അവൻ ഇല്ലെങ്കിൽ ഞാൻ ഇല്ല. ഞാൻ നശിച്ചു (ആത്മനാശം). ഇങ്ങനെ കാര്യങ്ങൾ മനസ്സിലാക്കുന്ന അവസ്ഥയിൽ എത്തിയ ആൾ സംസാരിക്കുമ്പോൾ ദൈവത്തെ അവൻ എന്നും സ്വന്തത്തെ ഞാൻ എന്നും വേർതിരിച്ചു പറയില്ല. രണ്ടുപേരും ലയിച്ചുചേർന്ന അവസ്ഥയാണ് 'ജംഅ്'. അവിടെ 'അനൽ ഹഖ്' എന്നു പറയാനാവും. 'ജിമാഅ്' എന്ന അറബി വാക്ക് ലൈംഗികബന്ധത്തെയും കുറിക്കുന്നുണ്ട്. ഞാനും നീയും ഒന്നായിത്തീരുന്ന അവസ്ഥയാണത്. ഈ ലയനത്തിന്റെ അങ്ങേയറ്റത്തെത്തി, തിരിച്ചുവരുന്നതാണ് വേർപെടൽ (ഫിർഖ്). അല്ലാഹുവും ഞാനും രണ്ടാണെന്ന സാധാരണ മനുഷ്യന്റെ അവസ്ഥയിൽ നിൽക്കലാണ് 'ഫിർഖ്'. എല്ലാ ആന്തരപൊരുളുകളും അനുഭവിക്കുകയും അതേസമയം സാധാരണ ജീവിതത്തിൽ നിലകൊള്ളുകയും ചെയ്യുക. ഇതു പ്രവാചകൻമാരെപ്പോലുള്ളവർക്കേ സാധിക്കൂ. മറ്റുള്ളവർ ഈ അവസ്ഥയിലെത്തിയാൽ ആ ഫനയിൽ തന്നെ നിൽക്കാൻ ഇഷ്ടപ്പെടും. 'ഞാനാണ് മിഅ്റാജിന് പോയിരുന്നെങ്കിൽ പിന്നെ മടങ്ങി വരുമായിരുന്നില്ല' എന്ന് ഉറുദുവിൽ ഒരു കവിവാക്യമുണ്ട്. രതിമൂർച്ഛയിൽ തന്നെ നിൽക്കാനാണ് മനുഷ്യൻ ആഗ്രഹിക്കുക. പക്ഷേ, അത് സാധ്യമല്ല. വേർപ്പെടേണ്ടിവരും. 'എല്ലാ വസ്തുക്കളും നാശ (ഫനാ) ത്തിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. എന്നാൽ നിന്റെ റബ്ബിന്റെ 'വജ്ഹ്' മാത്രം ബഖാഇലാകും' എന്നത് ഒരു ഖുർആൻ വാക്യത്തിന്റെ ആശയത്തിലുണ്ട്.

അല്ലാഹു തന്നിൽനിന്നും നമ്മെ പുറത്തേക്കെടുത്തിട്ടു. അല്ലാഹുവിലേക്ക്, തന്നെ തിരിച്ചടുപ്പിക്കുകയും ചെയ്യുന്നു. ഈ ലോകത്തിന്റെ കിടപ്പ് ഫനായിലാണ്. ഓരോ നിമിഷവും ഓരോ വസ്തുവും നശിച്ചുകൊണ്ടിരിക്കുന്നു. അഥവാ, എല്ലാം അല്ലാഹുവിൽ വിലയനാവസ്ഥയിൽ തന്നെയാണുള്ളത്. പക്ഷേ, ലോകത്തിന്റെ ബാഹ്യമായ നിലനിൽപ്പ് പ്രധാനമാണ്. എല്ലാവരും (ഹല്ലാജിനെപ്പോലെ) ദൈവവുമായുള്ള വിലയനാവസ്ഥയിൽ നിന്നു തിരിച്ചുവരാതിരുന്നാൽ (ഫനായിലായാൽ) പ്രാപഞ്ചികഘടന തകരും. അപ്പോൾ നിന്റെ റബ്ബിന്റെ വജ്ഹ് മാത്രം ബഖാഇലാവും. റബ്ബ് എന്നാൽ സൃഷ്ടികളെ പരിപാലിക്കുന്നവൻ എന്നാണല്ലോ. അത് സൃഷ്ടികളുണ്ടാവുമ്പോഴേ സാധ്യമാവൂ. അല്ലാഹു എന്ന പദത്തിന് അതിന്റെ ആവശ്യമില്ല.



Scanned with CamScanner

അത് ദാത്ത് (സത്ത) ആയിത്തന്നെയാണുള്ളത്. അത് ബാക്കിയായിക്കൊണ്ടിരിക്കുന്നു. അല്ലാഹുവിൽനിന്നുള്ള ശക്തിയിലാണ് നമുക്കു കാഴ്ചയും കേൾവിയുമെല്ലാമുള്ളത്. നമുക്കു സ്വന്തമായി കാഴ്ചയില്ല. അത് അവൻ അനുനിമിഷം നൽകിക്കൊണ്ടിരിക്കുന്നതാണ്. ആദ്യമേ കാഴ്ച നമുക്കില്ല. ഉള്ളതുതന്നെ നശിച്ചുകൊണ്ടിരിക്കുന്നതാണ്. മനുഷ്യൻ അതു തന്നിൽ സ്ഥായിയായി ഉള്ളതാണെന്നു കരുതുകയാണ്. അല്ലാഹു അതു മനുഷ്യനിലേക്ക് അനുനിമിഷം ബാക്കിയാക്കി നിലനിർത്തുന്നതുകൊണ്ട്, അതു മനുഷ്യനിലുള്ളതാണെന്ന് നാം കരുതുന്നു.

നീ റബ്ബിന് നിരന്തരം ദിക്ർ ചെയ്യുക. നീ അതിൽ അങ്ങേയറ്റത്തെ ലഹരിയിലാവുക. ആ ലഹരിയിൽനിന്നും മടങ്ങിവരികയും വേണം. ഇങ്ങനെ മടങ്ങിവരാനാണ് ശരീഅത്തും നമസ്കാരവും നോമ്പുമെല്ലാം. അല്ലാതെ അല്ലാഹുവിലേക്ക് അടുക്കാൻ അല്ല. അല്ലാഹു അവിടെ ഉണ്ട് എന്നുപറഞ്ഞ് ഇടക്കിടക്ക് ദുആ ചെയ്താൽ മാത്രമേ, അല്ലെങ്കിൽ കർമംചെയ്താൽ മാത്രമേ ഈ ലോകത്ത് വേറിട്ടുനിൽക്കുന്നു എന്ന് വരികയുള്ളൂ. ഞാൻ അല്ലാഹു തന്നെയാണ് എന്നു പറഞ്ഞുകൊണ്ടിരുന്നാൽ ഈ ലോകവ്യവസ്ഥ തകരും. മനുഷ്യനിലേക്കു മടങ്ങിവന്ന് ഈ ലോകത്തെ ക്രയവിക്രയങ്ങളിൽ ഏർപ്പെടാൻ ഉള്ളതാണ് ആരാധനകൾ.

ഓരോ സുന്ദരിമാരെ കാണുകയും പിന്നെ പിരിയുകയും ചെയ്യുന്ന ബദറുൽമുനീറിന്റെ ബാഹ്യ അവസ്ഥ ജംഇലും, ഫിർഖിലുമാവുന്ന മനുഷ്യന്റെ അവസ്ഥയായി കാണാവുന്നതാണ്. നിസാമുദ്ദീൻ മിയ പറഞ്ഞുകൊടുക്കുന്ന കഥയാണല്ലോ ഇത്. ഫന എന്ന വാക്കിൽ നിന്നാണ് സൗന്ദര്യശാസ്ത്രം (ഫന്ന്) ഉണ്ടാവുന്നത്. ഇല്ലാത്തതാണ് ഫന. ഭാവനയാണത്. സൂഫീഭാവനക്ക് അതിരുകളില്ല. പക്ഷേ, അല്ലാഹുവിനോട് സദൃശമാവുകയോ, അവന്റെ പരിധികളെ അതിവർത്തിക്കുകയോ അരുത് എന്നുമാത്രം!

എന്നാൽ കർമശാസ്ത്രത്തിൽ കൂടുതൽ അതിരുകളുണ്ട്. അതാണ് സ്പർശിച്ച മറ്റു മൂന്നു സ്ത്രീകളേയും മുനീർ കല്യാണം കഴിക്കുന്നത് എന്നും പറയാം. സൂഫികൾക്കും കർമശാസ്ത്രം പ്രധാനമാണെന്നതിന്റെ സൂചനയായും ഇതിനെ കാണാം.

*കടപ്പാട് : സലാഹുദ്ദീൻ അയ്യൂബി, സമീർ ബിൻസി*



Scanned with CamScanner

## കുറിപ്പുകൾ

1. കോഴിക്കോട്ടെ മുസ്‌ലിംകളുടെ ചരിത്രം, പരപ്പിൽ മുഹമ്മദ് കോയ.
2. വൈദ്യർ സമ്പൂർണകൃതികൾ, പുറം 61, മാപ്പിള കലാഅക്കാദമി, കൊണ്ടോട്ടി, 2015.
3. എ കെ അബ്ദുൽ മജീദുമായുള്ള സംഭാഷണം.
4. ഡോ. കെ എം അനിൽ, മുഹ്‌യിദ്ദീൻമാല: പടച്ചവന്റെ പരീക്ഷണങ്ങളും ജീവിതമെന്ന അന്യാപദേശവും, ഇശൽ പൈതൃകം, പുറം 19, സെപ്തം. 2017.
5. എ കെ അബ്ദുൽ മജീദുമായുള്ള സംഭാഷണം.
6. പ്രണയമാധുര്യത്തിന്റെ ധീരസാഹസികതകൾ, മോയിൻകുട്ടി വൈദ്യരുടെ കാവ്യലോകം, പുറം 83, ബാലകൃഷ്ണൻ വള്ളിക്കുന്ന്, വചനം ബുക്സ്, കോഴിക്കോട്.
7. വൈദ്യർ പഠനങ്ങൾ, പുറം 214-217, എഡി. കെ എം അഹ്‌മദ് , വൈദ്യർ അക്കാദമി, 2006,
8. വട്ടപ്പാട്ട്, ഇഖ്ബാൽ കോപ്പിലാൻ, സ്കാർഫ്, പുറം - 29, വൈദ്യർ അക്കാദമി കൊണ്ടോട്ടി 2008
9. കപ്പപ്പാട്ട്, കുഞ്ഞായിൻ മുസ്‌ല്യാർ, പുറം - 29.
10. പക്ഷിപ്പാട്ടും കുറത്തിപ്പാട്ടും, ഇബ്രാഹിം ബേവിഞ്ച, പുറം 66-67, വൈദ്യർ അക്കാദമി, കൊണ്ടോട്ടി, 2015

Scanned with CamScanner